നം.കെ.എസ്.എ.പി.റ്റി.എ.പി12/324/19 തീയതി: 20.05.2019

**പന്തളം ബ്ലോക്ക്പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്- 2017-18**

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 01.09.2017മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ.എ.എസ്.ഷാജഹാൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 04.04.2019മുതൽ 12.04.2019 വരെ | ശ്രീ.സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രാജശ്രീ സി.ആർ, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി പി.കെ.തങ്കമ്മ | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | : | ശ്രീ.ലിബി.സി.മാത്യൂസ് | 01.04.2017മുതൽ 09.01.2018വരെ |
| | | ശ്രീ. സന്തോഷ് ജീവ് (Joint BDO in charge) | 10.01.2018 മുതൽ 04.02.2018 വരെ |
| | | ശ്രീ. ശ്രീജിത്ത് ജി.പി. | 05.02.2018 മുതൽ 31.03.2018 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1 : പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ബാലൻസ് ഷീറ്റ് - 2017-18
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് -2017-18

**സൂചിക**


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7. | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 1-7 |
| | ഭാഗം 2 | |
| 8 | സാംഖ്യ രസീതുകൾ കയ്യെഴുത്ത് രീതിയിൽ ഉപയോഗിക്കുന്നു. | 2-1 |
| 9 | വർഷാവസാനം ഉപയോഗിക്കാതെ ബാക്കിയായ രസീതുകൾ റദ്ദ് ചെയ്യുന്നില്ല | 2-2 |
| 10 | അടിസ്ഥാനവില നിശ്ചയിച്ചിട്ടും ലേലം നടത്തിയില്ല. | 2-3 |
| 11 | വാടക-ജി.എസ്.ടി. ഈടാക്കുന്നില്ല | 2-4 |
| 12 | മരാമത്ത് പ്രവൃത്തിയുടെ ഇ ടെണ്ടർ -ടെണ്ടർ ഫീസിന്മേൽ ജി.എസ്.ടി ഒടുക്ക് വരുത്തിയില്ല- ഒരു പ്രവൃത്തിക്ക് ടെണ്ടർ ഫീസ് കുറച്ച് ഒടുക്കി | 2-5 |
| 13 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം | 2-6 |
| 14 | ബ്ലോക്ക് പഞ്ചായത്തിന് ഗേറ്റ്, കമാനം നിർമ്മിക്കൽ - പഴയ ഗേറ്റ് ലേലം ചെയ്തില്ല | 2-7 |
| 15 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 2-8 |
| | ഭാഗം 3 | |
| 16 | കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല | 3-1 |
| 17 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-2 |
| 18 | റോഡ് സംരക്ഷണഭിത്തി നിർമ്മാണം - കുഴിച്ചെടുത്ത മണ്ണ് സൈഡ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - കരാറുകാർക്ക് അധിക പ്രതിഫലം നൽകി | 3-3 |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-4 |
| 20 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയതിൽ കുറവ് - തനത് വരുമാനം ഇനത്തിൽ നഷ്ടം | 3-5 |
| 21 | വാളകത്തിനാൽ പുഞ്ച കടംതോടത്ത് ഭാഗം റോഡ് കോൺക്രീറ്റും സൈഡ് കെട്ടും - അപാകതകൾ | 3-6 |
| 22 | സേവന നികുതി - ഒഴിവാക്കിയ സേവനത്തിന് തുക വകയിരുത്തി പിൻവലിച്ചു | 3-7 |
| 23 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-8 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്- ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. | 3-9 |
| 25 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിലെ | 3-10 |

| | | |
|---|---|---|
| | അപാകതകൾ | |
| 26 | സംയുക്ത പദ്ധതികളുടെ നിർവ്വഹണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-11 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 3-12 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിന് വാട്ടർ അതോറിറ്റി അധിക സെന്റേജ് ചാർജ്ജ് ഈടാക്കുന്നു | 3-13 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 25.03.2017 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് അവതരിപ്പിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 23.03.2017 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 25.03.2017 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയ്യതി | ഇല്ല |

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2017-18 വർഷം വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകരം വാങ്ങുകയുണ്ടായില്ല.

ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1704500 | 44099485 | 42394985 | |
| വരവ് | 192662800 | 86810127 | | 105852673 |
| ആകെ | 194367300 | 130909612 | | 63457688 |
| ചെലവ് | 190014900 | 88277175 | | 101737725 |
| നീക്കിയിരിപ്പ് | 4352400 | 42632437 | 38280037 | |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വരവ് - ചെലവ് കണക്കുകൾ വിശകലനം നടത്തുമ്പോൾ വ്യക്തമാകുന്നു. യുക്തിസഹമായി ബജറ്റ് കണക്കുകൾ തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 12.06.2018 |

**<u>വാർഷിക കണക്കുകളിലെ അപാകതകൾ</u>**

വാർഷിക കണക്കുകളുടെ പരിശോധനാ സമയത്ത് ചൂണ്ടിക്കാണിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

# 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 44099485 |
| വരവ് | 86810127 |
| ആകെ | 130909612 |
| ചെലവ് | 88277175 |
| നീക്കിയിരിപ്പ് | 42632437 |

# 1- 4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | *ആകെ വരവ്* | *ചെലവ്* | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24230000 | 24230000 | 17666142 | 6563858 |
| SCP | 0 | 20305000 | 20305000 | 20281138 | 23862 |
| TSP | 0 | 10000 | 10000 | 0 | 10000 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3173000 | 3173000 | 3027920 | 145080 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (MGNREGS) | 2539 | 920765 | 923304 | 919927 | 3377 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | നടപ്പാക്കിയത് | | |
| 89 | 56 | 4 | 29 | 63 |

**പദ്ധതി നിർവ്വഹണ വിവരങ്ങൾ**

| വികസന മേഖല | അംഗീകരിച്ച പ്രോജക്കുകൾ | | നടപ്പാക്കിയ പ്രോജക്കുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 10 | 5516128 | 5 | 2526628 | 45.8 |
| സേവനം | 51 | 55537803 | 28 | 28079990 | 50.5 |
| പശ്ചാത്തലം | 28 | 13185158 | 23 | 10368582 | 78.6 |

**പദ്ധതി നിർവ്വഹണത്തിലെ അപാകത**

1. അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ആവിഷ്ക്കരിച്ച 14 സ്പിൽ ഓവർ പ്രവൃത്തികളിൽ 13 എണ്ണം നടപ്പാക്കി. ഒരു പ്രവൃത്തി നടപ്പാക്കാതിരുന്നത് മൂലം വകയിരുത്തിയ 261868/- രൂപ ലാപ്സായി. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം നടപ്പാക്കാതെ ഫണ്ട് ലാപ്സാകുന്ന പ്രവണത ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
2. ബ്ലോക്ക് ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയായറാക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് അസി.എക്സി. എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
3. റോഡ് പ്രവൃത്തികൾക്ക് തൻ വർഷം ജില്ലാ പഞ്ചായത്ത് ഫണ്ട് , എം.പി/ എം.എൽ.എ ഫണ്ട് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്കുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.
4. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയും നടത്തിപ്പിലെ സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടത് അനിവാര്യമാണ്. മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ഒന്നില്ലും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളിൽ മോണിട്ടറിംഗ് ശക്തമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.
5. സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ, കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ തുടങ്ങിയ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ വരുന്ന ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് ഏറ്റെടുത്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ അനുമതിയോടെയോ അല്ലാത്ത പക്ഷം ഗ്രാമ പഞ്ചായത്ത് മുഖേനയുള്ള സംയുക്ത പ്രോജക്റ്റായോ മാത്രം മേൽത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
6. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം 45 പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും 32 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ആവിഷ്ക്കരിച്ച പദ്ധതികൾ അതാത് വർഷം പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.04.2019-ന് 12.45 PM ന് സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനാ സമയത്ത് കളക്ഷൻ ഇനത്തിൽ തുക ഒന്നും ഇല്ലായിരുന്നു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് നടത്തിയതിന്റെ വിവരം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2019 | 02/19 വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.2014 | 2010-11 മുതൽ 2012-13വരെ | 13.05.2014 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകൾ കയ്യെഴുത്ത് രീതിയിൽ ഉപയോഗിക്കുന്നു.

സാംഖ്യാ രസീതുകൾ വരവ് സ്വീകരിക്കുന്നതിന് ഉപയോഗിക്കുന്നുണ്ടെങ്കിലും ആയത് പ്രിന്റ് ചെയ്യാതെ മാന്വൽ രീതിയിലാണ് ഉപയോഗിക്കുന്നത്. ശരിയായി പ്രിന്റ് ചെയ്ത് വരാത്തതിനാൽ കയ്യെഴുത്ത് രീതിയിലുള്ള (മാന്വൽ രസീത്) ഉപയോഗിച്ചശേഷം സാംഖ്യാരസീതിലും ഉദ്യോഗസ്ഥൻ തന്നെ എഴുതി ചേർത്ത് സൂക്ഷിച്ചു വെയ്ക്കുകയാണ് ചെയ്യുന്നത്. പ്രിന്റർ തകരാർ കാരണം സാംഖ്യ രസീത് ഉപയോഗിക്കാൻ പറ്റാതെ വരുന്ന സാഹചര്യം ഉണ്ടായാൽ ഡബിൾസൈഡഡ് കാർബൺ ഉപയോഗിച്ച് കയ്യെഴുത്ത് രസീത് ഉപയോഗിക്കുന്നതിനും അന്നേദിവസത്തെ കളക്ഷൻ 9-ൽ തുടങ്ങുന്ന ഹെഡിൽ ഇന്ററപ്റ്റഡ് രസീതായി സാംഖ്യയിൽ എൻട്രി വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. സാങ്കേതികമായ തകരാറുകൾ അടിയന്തിരമായി പരിഹരിച്ച് സാംഖ്യാരസീതുകൾ ക്യാഷ് കളക്ഷന് ഉപയോഗിക്കേണ്ടതാണ്.

## 2-2 വർഷാവസാനം ഉപയോഗിക്കാതെ ബാക്കിയായ രസീതുകൾ റദ്ദ് ചെയ്യുന്നില്ല

തൻവർഷം ഒരു രസീത് ബുക്ക് ആണ് കളക്ഷനുപയോഗിച്ചിരുന്നത്(രസീത് ബുക്ക് നം.241). ഇതിൽ സർട്ടിഫിക്കറ്റ്സ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തികവർഷാവസാനം ഉപയോഗിക്കാതെ ബാക്കി വരുന്ന രസീതുകൾ ക്യാൻസൽ ചെയ്യാതെ തുടർ വർഷങ്ങളിലും ഉപയോഗിച്ച് വരുന്നു. 2017-18 ൽ ഉപയോഗിച്ച രസീതു ബുക്ക് തന്നെയാണ് 2018-19 ലും ഉപയോഗിക്കുന്നത്. ഇത് ക്രമപ്രകാരമല്ല. സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് രസീതു ബുക്കുകളിലെ ഉപയോഗിക്കാതെ ബാക്കി വരുന്ന രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 2-3 അടിസ്ഥാനവില നിശ്ചയിച്ചിട്ടും ലേലം നടത്തിയില്ല.

ഓഫീസ് കോമ്പൗണ്ടിൽ അപകടകരമായ രീതിയിൽ ഉണങ്ങി നിൽക്കുന്ന 7 മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ഫോറസ്റ്റ് ഡിവിഷന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, അടിസ്ഥാനവില 13431/- രൂപ നിശ്ചയിച്ചിരുന്നു. ആയതനുസരിച്ച് ലേലം നടത്തി മരങ്ങൾ മുറിച്ച് നീക്കുന്നതിന് 25.04.2017 ലെ III(3)-ാം നമ്പരായി ജനറൽ കമ്മറ്റി തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെയായിട്ടും ലേലം നടത്തിയില്ല. ലേലം നടത്തി ടി തുക തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വാടക-ജി.എസ്.ടി. ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതാ കാന്റീനിൽ നിന്നും പ്രതിമാസം 450 രൂപ ക്രമത്തിൽ തൻവർഷം വാടക ഈടാക്കിയിട്ടുണ്ട്. 2017 ജൂലായ് മാസം മുതൽ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതനുസരിച്ച് വാടകയ്ക്ക് 18% ജി.എസ്.ടി. കൂടി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇവിടെ ഇപ്രകാരം നികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18 തീയതി.11.04.19) മറുപടിയായി കാന്റീനിന്റെ കൺവീനർക്ക് കത്ത് അയച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കിയ ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 മരാമത്ത് പ്രവൃത്തിയുടെ ഇ ടെണ്ടർ - ടെണ്ടർ ഫീസിന്മേൽ ജി.എസ്.ടി ഒടുക്ക് വരുത്തിയില്ല- ഒരു പ്രവൃത്തിക്ക് ടെണ്ടർ ഫീസ് കുറച്ച് ഒടുക്കി

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ ടെണ്ടർ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിച്ച മരാമത്ത് പ്രവൃത്തികൾക്കായി ഓൺലൈൻ മുഖേന ടെണ്ടർ സമർപ്പിച്ച കരാറുകാർ ടെണ്ടർ ഫീസ് ഓൺലൈനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരുന്നവെങ്കിലും ആയതിന്മേലുള്ള ജി.എസ്.ടി ഒടുക്ക് വരുത്താതിരുന്നത് മൂലം സർക്കാർ ഫണ്ടിന് നഷ്ടം ഉണ്ടായി. പ്രവൃത്തിക്ക് ടെണ്ടർ ഫീ കുറച്ച് ഒടുക്കിയത് മൂലം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനും നഷ്ടമുണ്ടായി.

ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് പ്രകാരം ടെണ്ടർ ഫീ പുതുക്കി നിശ്ചയിച്ചത് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ). 10 ലക്ഷത്തിന് മുകളിൽ ഒരു കോടി വരെയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ ഫീസ് 2500 രൂപയാണ്. ടി ഉത്തരവ് പാലിക്കാതെ ഇ ടെണ്ടർ ക്ഷണിച്ച ഏതാനും പ്രവൃത്തികൾക്ക് ടെണ്ടർ ഫീ കുറച്ച് ഒടുക്ക് വരുത്തിയതായും കാണുന്നു.

ജി.എസ്.ടി നോട്ടിഫിക്കേഷൻ അനുസരിച്ച് 01-07-2017 മുതൽ മാന്വൽ/ ഇ ടെണ്ടർ ഫാറത്തിന് 12% ജി.എസ്.ടി ബാധകമാണ്. ടെണ്ടർ ഫീയോടൊപ്പം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 01-07-2017 ന് ശേഷം ഇ ടെണ്ടർ ക്ഷണിച്ച താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർ ഓൺലൈനായി ടെണ്ടർ സമർപ്പിച്ചപ്പോൾ ടെണ്ടർ ഫീയോടൊപ്പം ജി.എസ്.ടി ഒടുക്ക് വരുത്തിയില്ല. വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, അടങ്കൽ തുക | ടെണ്ടർ തുറന്ന തീയതി | കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | | ജി.എസ്.ടി | | കുറവ് |
|---|---|---|---|---|---|---|---|---|
| | | | | ഈടാക്കേണ്ടിയിരുന്നത് | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് | ഈടാക്കിയത് | |
| 1 | കൊല്ലന്റെ വടക്കേതിൽ പ്പടി അക്കരകുന്നത്ത് പടി റോഡ് കോൺക്രീറ്റിംഗ്(34/18) 500000/- | 22-08-17 | 5 | 5x1000 = 5000 | 5000 | 5x120 = 600 | 0 | 600 |
| 2 | പ്ലാങ്കീഴ് പടി തേവരേത്ത് പടി റോഡ് കോൺക്രീറ്റിംഗ്(42/18) 500000/- | 22-08-17 | 2 | 2x1000 = 2000 | 2000 | 2x120 = 240 | 0 | 240 |
| 3 | തോട്ടത്തിൽ പടി പുല്ലുവാരത്തിൽ പടി റോഡ് സൈഡ് ഇന്റർലോക്ക് പാകൽ(67/18) 500000/- | 29-08-17 | 2 | 2x1000 = 2000 | 2000 | 2x120 = 240 | 0 | 240 |
| 4 | കുന്നം കല്ലുവരമ്പ് കോളനി മാലക്കര പാറമട റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(45/18) 1000000/- | 27-09-17 | 1 | 1x2000 = 2000 | 2000 | 1x240 =240 | 0 | 240 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | ഗണപതിപ്പടി പള്ളിമുക്ക് റോഡിന്റെ സൈഡിൽ ഇന്റർലോക്ക് പാകൽ(86/18) 500000/- | 22-08-17 | 3 | 3x1000 = 3000 | 3000 | 3x120 = 360 | 0 | 360 |
| 6 | SVHSS - മേലേടത്ത് പടി റോഡ് സൈഡ് സംരക്ഷണം(91/18) 500000/- | 29-08-17 | 2 | 2x1000 = 2000 | 2000 | 2x120 = 240 | 0 | 240 |
| 7 | പുന്നക്കുളഞ്ഞി മേലേ പന്നിക്കുഴി ബണ്ട് റോഡ് മണ്ണ് ഫില്ലിംഗ്(48/18) 500000/- | 27-09-17 | 1 | 1x1000 = 1000 | 1000 | 1x120 =120 | 0 | 120 |
| 8 | വല്ല്യയ്യത്ത് പടി ഹോളി ക്രോസ്സ് റോഡ് സൈഡ് കെട്ട് ഇന്റർലോക്ക് പാകൽ (111/18) 500000/- | 30-01-18 | 2 | 2x1000 = 2000 | 2000 | 2x120 = 240 | 0 | 240 |
| 9 | വനിതാ ക്യാന്റീൻ,പന്തളം ബ്ലോക്ക് പഞ്ചായത്ത് (84/18) 500000/- | 27-09-17 | 1 | 1x1000 = 1000 | 1000 | 1x120 =120 | 0 | 120 |
| 10 | പൂക്കൈത വെള്ളലഞ്ഞി റോഡ് കോൺക്രീറ്റിംഗ്(43/18) 750000/- | 30-01-18 | 5 | 5x1500 = 7500 | 7500 | 5x180 = 900 | 0 | 900 |
| 11 | ബദാം ജംഗ്ഷൻ മയ്യാവ് അമ്പലം റോഡ് കോൺക്രീറ്റിംഗ് (38/18) 500000/- | 29-08-17 | 2 | 2x1000 = 2000 | 2000 | 2x120 = 240 | 0 | 240 |
| 12 | കുറ്റിയിൽ കോളനി സംരക്ഷമ ഭിത്തി നിർമ്മാണം (41/18) 500000/- | 27-09-17 | 2 | 2x1000 = 2000 | 2000 | 2x120 =240 | 0 | 240 |
| 13 | ശങ്കരത്തിൽ നെടിയൂഴത്തിൽ പടി റോഡ് കോൺക്രീറ്റിംഗ്(68/18) 500000/- | 29-08-17 | 3 | 3x1000 = 3000 | 3000 | 3x120 = 360 | 0 | 360 |
| 14 | വളത്ത് കാട് ഒടയാൻകാവ് റോഡ് സംരക്ഷണ ഭിത്തി(39/18) 500000/- | 22-08-17 | 4 | 4x1000 = 4000 | 4000 | 4x120 = 480 | 0 | 480 |
| 15 | വനിത വിപണന കേന്ദ്രം - ഇലവും തിട്ട നിർമ്മാണം(82/18) 800000/- | 30-01-18 | 4 | 4x1600 = 6400 | 6400 | 4x192 = 768 | 0 | 768 |
| 16 | തയ്യിൽപ്പടി കരിയല്ലൂർക്കാവ് റോഡ് കോൺക്രീറ്റിംഗ്(39/18) 500000/- | 22-08-17 | 2 | 2x1000 = 2000 | 2000 | 2x120 = 240 | 0 | 240 |
| 17 | ചെറുവള്ളിതോട് സൈഡ് കെട്ട്(65/18) 500000/- | 27-09-17 | 1 | 1x1000 = 1000 | 1000 | 1x120 =120 | 0 | 120 |
| 18 | വല്ലന സി.എച്ച്.സിയിൽ ടോയിലറ്റ് നിർമ്മാണം(103/18) 275000/- | 30-01-18 | 2 | 2x550 = 1100 | 1100 | 2x66 = 132 | 100 | 32 |
| 19 | തടിക്കമൂല കളമപ്പുഴി സംരക്ഷണഭിത്തി നിർമ്മാണം(110/18) | 30-01-18 | 4 | 4x1000 = 4000 | 4000 | 4x120 = 480 | 0 | 480 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 500000/- | | | | | | | |
| 20 | വല്ലന സി.എച്ച്.സി അടിസ്ഥാന സൗകര്യങ്ങൾ(75/18)<br>1323000/- | 30-01-18 | 2 | 2x2500 = 5000 | 5000 | 2x300 = 600 | 0 | 600 |
| 21 | വൃദ്ധജനങ്ങൾക്ക് പകൽ വീട് പന്തളം തെക്കേക്കര (72/18)<br>1700000/- | 30-01-18 | 3 | 3x2500 = 7500 | 7500 | 3x300 = 900 | 0 | 900 |
| 22 | നാറാണത്ത് മുരുപ്പ് കുടിവെള്ള പദ്ധതി പന്തളം തെക്കേക്കര (69/18)<br>1200000/- | 28=03-18 | 1 | 1x2500 = 2500 | 2500 | 1x300 = 300 | 0 | 300 |
| 23 | മാലക്കര വള്ളക്കടവ് നവീകരണം(114/18)<br>500000/- | 30-01-18 | 2 | 2x1000 = 2000 | 2000 | 2x120 = 240 | 0 | 240 |
| 24 | നീർവിളാകം വനിതാ വിപണന കേന്ദ്രം നിർമ്മാണം(114/18)<br>1000000/- | 30-01-18 | 2 | 2x2000 = 4000 | 4000 | 2x240 = 480 | 0 | 480 |
| 25 | ഇടശ്ശേരിമല സാംസ്കാരിക നിലയത്തിൽ വനിത ടോയിലറ്റ് (102/18)<br>250000/- | 30-01-18 | 2 | 2x500 = 1000 | 1000 | 2x60 = 120 | 0 | 120 |
| 26 | ഇലവുംതിട്ട മാർക്കറ്റ് ടോയിലറ്റ് നിർമ്മാണം(104/18)<br>275000/- | 30-01-18 | 3 | 3x550 = 1650 | 1500 | 3x66 =<br>198 | 0 | 348 |
| 27 | തുമ്പമൺ സി.എച്ച്.സി അടിസ്ഥാനസൗകര്യങ്ങൾ(77/18)<br>500000/- | 30-01-18 | 2 | 2x1000 = 2000 | 2000 | 2x120 = 240 | 0 | 240 |
| | | | | | | | | **9488** |

സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ ടെണ്ടർ ഫീ അടച്ചിട്ടുണ്ടോ എന്നും ആയതിന്മേലുള്ള ജി.എസ്.ടി ഒടുക്കിയിട്ടുണ്ടോയെന്നും പരിശോധിച്ച് ഉറപ്പ് വരുത്താതെ ടെണ്ടർ സ്വീകരിച്ചത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ആയയിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/10-04-19) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ ഫീ ഒടുക്കിയതിലുള്ള കുറവ് 150 രൂപയും ഒടുക്ക് വരുത്താത്ത ജി.എസ്.ടി 9338രൂപയും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ടെണ്ടർ ഫീസിന്മേൽ ജി.എസ്.ടി ഈടാക്കി സർക്കാർ ഫണ്ടിലേക്ക് ഒടുക്കുന്നതിന് ഭാവിയിൽ വീഴ്ച്ച സംഭവിക്കാതിരിക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 2-6 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

തനത് വരുമാനം ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ. 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവ് പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെ അക്കൗണ്ട് തുടങ്ങിയിട്ടില്ല. 2017-18 വർഷവും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി. എക്സി. എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2017-18 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | ജി.എസ്.ടി | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| 2015-16 | 21 | 119900 | 0 | 0 | 327105 |
| 2016-17 | 32 | 128705 | 0 | | |

| | | | | | |
|---|---|---|---|---|---|
| 2017-18 | 27 | 78500 | 0 | | |
| ആകെ | 80 | 327105 | 0 | | |

2015-16 മുതൽ 17-18 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-7 ബ്ലോക്ക് പഞ്ചായത്തിന് ഗേറ്റ്/കമാനം നിർമ്മിക്കൽ - പഴയ ഗേറ്റ് ലേലം ചെയ്തിട്ടില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പാക്കിയ ബ്ലോക്ക് ഓഫീസ് ഗേറ്റ്, കമാനം, സൈഡ് വാൾ, പാർക്കിംഗ് ഗ്രൗണ്ട് എന്നിവ നിർമ്മിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി പുതിയ ഗേറ്റ്, കമാനം എന്നിവ നിർമ്മിച്ചപ്പോൾ നിലവിലുണ്ടായിരുന്ന പഴയ ഗേറ്റ് ഇളക്കി മാറ്റിയത് നാളിതുവരെ ലേലം ചെയ്തിട്ടില്ല.

ശ്രീ.ആർ.സുരേന്ദ്രൻ കരാറേറ്റെടുത്തിരുന്ന പ്രസ്തുത പ്രവൃത്തി 10-02-17 ൽ ആരംഭിച്ച് 24-10-17 ൽ പൂർത്തീകരിച്ചു. അളവ് പുസ്തകം 20/17-18 പ്രകാരം പ്രവൃത്തിമൂല്യം 408080/- രൂപ കണക്കാക്കി അത്രയും രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം.21/17-18/03-02-18).

ടി പ്രവൃത്തിയുടെ ഭാഗമായി പൊളിച്ച മാറ്റിയ പഴയ ഗേറ്റിന്റെ മൂല്യനിർണ്ണയം നടത്തി ആയത് ലേലം ചെയ്യുന്നതിനായി 07-06-18 ൽ അസി.എഞ്ചിനിയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കാലപ്പഴക്കമനുസരിച്ച് തേയ്മാനംകൊണ്ടുള്ള വിലയിടിവ് കണക്കാക്കി 1700/- രൂപ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. പഴയ ഗേറ്റ് ലേലം ചെയ്ത് മുതൽ കൂട്ടാഞ്ഞതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/12-04-19) മറുപടി ലഭ്യമാക്കിയില്ല. കാലപ്പഴക്കത്തിനനുസരിച്ച് മൂല്യ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്ന പഴയ ഗേറ്റ് അടിയന്തിരമായി ലേലം ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 2-8 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തോഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളത്. തൻവർഷം 148746/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ഇനത്തിൽ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്നും പിടിച്ച് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 1487 രൂപ കളക്ഷൻ ചാർജായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാമായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/04-04-19) ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ലെന്നും വരും വർഷം മുതൽ കളക്ഷൻ ചാർജ് ഈടാക്കുന്നതാണെന്നും അസി.എക്സി.എഞ്ചിനിയർ അറിയിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ ഏതാനം മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനം കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക ബിൽ നം./ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | തോട്ടത്തിൽ പടി പുല്ലുവാരത്തിൽ പടി റോഡ് | 18-09-17 | 10-02-17 | 498251/- | 4999 |

| | | | | | |
|---|---|---|---|---|---|
| | സൈഡ് ഇന്റർലോക്കിംഗ് (67/18)<br>കരാറുകാരി : സുമ സജി<br>PAC – 4,99,867 | | | 11/17-18/<br>06-01-18 | |
| 2 | മുട്ടം കോളനി സ്റ്റേജ് അനുബന്ധ സൗകര്യം വർദ്ധിപ്പിക്കൽ(36/17)<br>കരാറുകാരൻ : ബാലചന്ദ്രൻ നായർ എം.വി<br>PAC – 4,98,005 | 24-01-17 | 10-02-17 | ~~12/17-18/~~<br>06-01-18<br>തുക 319363/- | 4980 |
| 3 | ബ്ലോക്ക് ഓഫീസ് ഗേറ്റ് , കമാനം, സൈഡ് വാൾ, പാർക്കിംഗ് ഗ്രൗണ്ട് എന്നിവ നിർമ്മിക്കൽ(49/17)<br>കരാറുകാരൻ : സുരേന്ദ്രൻ. ആർ<br>PAC – 4,97,822 | 24-01-17 | 10-02-17 | 21/17-18/03-02-18<br>തുക 408080/- | 4698 |
| 4 | വളത്ത്കാട് ഒടയാൻകാവ് റോഡ് സംക്ഷണഭിത്തി(39/18)<br>കരാറുകാരൻ : സുരേന്ദ്രൻ.ആർ<br>PAC – 4,99,450 | 11-09-17 | 03-10-17 | 32/17-18/<br>03-10-17<br>തുക 443943/- | 4995 |
| | ആകെ | | | | 19672/- |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ബ്ലോക്ക് പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/10-04-19) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ടി 19672/- രൂപയുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തുകയോ ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡിയിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ച്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 3-3 റോഡ് സംരക്ഷണഭിത്തി നിർമ്മാണം - കുഴിച്ചെടുത്ത മണ്ണ് സൈഡ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - കരാറുകാർക്ക് അധിക പ്രതിഫലം നൽകി

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ ഏതാനും റോഡ് സംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി നടത്തിയ ഡി.ആർ കെട്ടിന്റെ ഫൗണ്ടേഷനു വേണ്ടി കുഴിച്ചെടുത്ത മണ്ണ് സംരക്ഷണ ഭിത്തിയുടെ സൈഡ് ഫില്ലിംഗിനായി ഉപയോഗിച്ചില്ല.

സംരക്ഷണഭിത്തി നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ എല്ലാം തന്നെ ഡി.ആർ കെട്ട് സൈഡ് ഫില്ലിംഗിനായി കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് ഒരിനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫില്ലിംഗിന് ആവശ്യമായ മണ്ണ് കണക്കാക്കിയതിൽ നിന്നും ഫൗണ്ടേഷനു വേണ്ടി

കഴിച്ചെടുത്ത മണ്ണ് കുറയ്ക്കാതെയാണ് ഫൈനൽ ബിൽ പ്രകാരം തുക നൽകിയത്. തന്മൂലം കരാറുകാർക്ക് അധിക പ്രതിഫലം നൽകുന്നതിന് ഇടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കഴിച്ചെടുത്ത മണ്ണിന്റെ അളവ്, നിരക്ക്, പ്രതിഫലം | കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് | | അധികം നൽകിയ തുക |
|---|---|---|---|---|---|
| | | | അളവ്, നിരക്ക്, പ്രതിഫലം | അർഹമായ അളവ്, നിരക്ക്, പ്രതിഫലം | |
| 1. | നെടിയകാലാപ്പടി കുളക്കട റോഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം(29/17, 17/18)<br>അടങ്കൽ: 500000<br>കരാറുകാരൻ: ജിജി വർഗ്ഗീസ്<br>എം.ബുക്ക് നം.: 2/17-18<br>ബിൽ നം./തീയതി:01/17-18/16-09-17<br>ഫൈനൽ ബിൽ തുക: 368220/- | 41.31m3 @194/m3 = 8014.14 | 18.895 $m^3$<br>@ 480/$m^3$ =<br>9069.60 | 18.895$m^3$- 41.31$m^3$ =<br>(-)22.415$m^3$<br>0$m^3$ @480/$m^3$ = 0 | 9070 |
| 2. | കുന്നം കല്ല് വരമ്പ് കോളനി മാലക്കര പാറമട റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(45/18)<br>അടങ്കൽ: 1000000<br>കരാറുകാരൻ: ജോജി തോമസ്സ്<br>എം.ബുക്ക് നം.: 24/17-18<br>ബിൽ നം./തീയതി:30/17-18/21-03-18<br>ഫൈനൽ ബിൽ തുക: 951898/- | 76.70$m^3$<br>@249.6/$m^3$ = 19144.32 | 290.83$m^3$<br>(-) 17% ഷ്രിങ്കേജ് 49.44$m^3$ =<br>241.38$m^3$<br>@ 466.88/$m^3$<br>= 112695.49 | 241.38$m^3$-76.70$m^3$ =<br>164.68$m^3$<br>@466.88/$m^3$ = 76885.79 | 35810 |
| 3. | മണ്ണടിയിൽ തീവെട്ടിക്കുന്ന് കോളനി സൈഡ് പ്രൊട്ടക്ഷൻ(90/17, 26/18)<br>അടങ്കൽ: 500000<br>കരാറുകാരൻ: സുരേന്ദ്രൻ.ആർ<br>എം.ബുക്ക് നം.: 1/17-18<br>ബിൽ നം./തീയതി:01/17-18/24-07-17<br>പാർട്ട് ബിൽ തുക: 284719/-(A.Ex.E)<br>ബിൽ നം./തീയതി:23/17-18/31-01-18<br>ഫൈനൽ ബിൽ തുക: 125537/- | 33.46$m^3$<br>@ 185/$m^3$ =<br>6190.10 | 55.1$m^3$<br>@ 427/$m^3$ =<br>23527.70 | 55.1$m^3$- 33.46$m^3$ = 21.64$m^3$<br>@427/$m^3$ =<br>9240.80 | 14287 |
| | ആകെ | | | | 59167 |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ച മൂലം കരാറുകാർക്ക് അധിക പ്രതിഫലം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/11-04-19) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അധിക പ്രതിഫലമായി നൽകിയ ടി

59167/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുകയോ ചെയ്യേണ്ടതാണ്.

## 3-4 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2017-18 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 36 പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 148746/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്നും ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ലെന്നും അസി.എഞ്ചിനിയർ അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള തൻ വർഷത്തെ ക്ഷേമ നിധി ഇനത്തിലുള്ള ആകെ ഡിമാന്റ് 148746/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിച്ച് ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയതിൽ കുറവ് - തനത് വരുമാനം ഇനത്തിൽ നഷ്ടം

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ കരാർ ദീർഘിപ്പിച്ച് പിഴ ചുമത്താതിരുന്നത് മൂലം പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായി.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷം നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. ഏതാനും പ്രവൃത്തികളിൽ പ്രവൃത്തിമൂല്യതുകയുടെ ഒരു ശതമാനം തുക ഫൈൻ ഇനത്തിൽ ഈടാക്കുക മാത്രമാണ് ചെയ്തത്. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ(PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷം കരാർ തുകയുടെ(PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായി ചുമത്തേണ്ടത്. ഇ - ഗവൺമെൻറ് പ്രൊക്വയർമെൻറ് ടെണ്ടർ നോട്ടീസിലെ 85 ാം ഇനമായി കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് പിഴ ചുമത്തുന്നതിന്റെ വിവരം സൂചിപ്പിച്ചിട്ടുമുണ്ട്. കരാർ കാലാവധി കഴിഞ്ഞ പ്രവൃത്തികൾക്ക് ഒന്നിനും തന്നെ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ പിഴ ചുമത്തിക്കൊണ്ട് കാലാവധി നീട്ടി നൽകുകയോ ചെയ്യാതെയാണ് പ്രവൃത്തി പൂർത്തീകരിപ്പിച്ചിട്ടുള്ളത്. പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്താതിരുന്നത് മൂലം പിഴയിനത്തിൽ വരുമാന നഷ്ടവുമുണ്ടായി. മാന്വൽ അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | കാലാവധി | ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|---|
| 1. | നെടിയകാലാപ്പടി കുളക്കട റോഡിൽ സംരക്ഷണഭിത്തി നിർമ്മാണം (29/17,17/18)<br>കരാറുകാരൻ :ജിജി വർഗ്ഗീസ്<br>എഗ്രിമെന്റ് നം./ തീയതി : 03/AEE/LSGD/PDM BLK/16-17/11-01-17<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 11-01-17<br>പൂർത്തീകരിച്ച തീയതി: 28-06-17<br>ബിൽ നം. / തീയതി :01/17-18/16-09-17<br>തുക 368220/- | 499961 | 12-04-2017 മുതൽ 04-05-2017 വരെ<br>05-05-2017 മുതൽ 26-05-2017 വരെ<br>ആകെ | 5000<br>10000<br>15000 | 3682 | 11318 |
| 2. | മുട്ടം കോളനി സ്റ്റേജ് അനുബന്ധ സൗകര്യം വർദ്ധിപ്പിക്കൽ (36/17,18/18)<br>കരാറുകാരൻ : സുരേന്ദ്രൻ.ആർ. | 498005 | 10-08-2017 മുതൽ | 4980 | 3194 | 11746 |

| | | | | | | |
|---|---|---|---|---|---|---|
| | എഗ്രിമെന്റ് നം./ തീയതി :24/AEE/LSGD/PDM BLK/16-17/10-02-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>ആരംഭിച്ച തീയതി : 10-02-17<br>പൂർത്തീകരിച്ച തീയതി: 08-11-17<br>ഫൈനൽ ബിൽ നം. / തീയതി : 12/17-18/06-01-18<br>തുക 319363/- | | 23-09-2017 വരെ | | | |
| | | | 24-09-2017 മുതൽ 07-11-2017 വരെ | 9960 | | |
| | | | ആകെ | 14940 | | |
| 3. | എസ്.വി.എച്ച്.എസ് മേലേടത്ത് പടി റോഡ് സൈഡ് സംരക്ഷണം(91/18)<br>കരാറുകാരൻ : പി.കെ.ലത<br>എഗ്രിമെന്റ് നം./ തീയതി :06/AE/LSGD/EVPR/17-18/23-09-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 23-09-17<br>പൂർത്തീകരിച്ച തീയതി: 09-03-18<br>ഫൈനൽ ബിൽ നം. / തീയതി : 31/17-18/31-03-18<br>തുക 459400/- | 499986` | 23-12-2017 മുതൽ 14-01-2018 വരെ | 5000 | 0 | 15000 |
| | | | 15-01-2018 മുതൽ 06-02-2018വരെ | 10000 | | |
| | | | ആകെ | 15000 | | |
| 4. | പുന്നക്കുളഞ്ഞി മേലേ പന്നിക്കുഴി റോഡ് മണ്ണ് ഫില്ലിംഗ്(48/18)<br>കരാറുകാരൻ : സുരേന്ദ്രൻ.ആർ<br>എഗ്രിമെന്റ് നം./ തീയതി :11/AE/LSGD/PDM BLK/17-18/10-10-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 10-10-17<br>പൂർത്തീകരിച്ച തീയതി: 12-03-18<br>ഫൈനൽ ബിൽ നം. / തീയതി : 33/17-18/31-03-18<br>തുക 459760/- | 498630 | 10-1-2018 മുതൽ 01-02-2018 വരെ | 4986 | 0 | 10189 |
| | | | 01-03-2018 മുതൽ 12-03-2018വരെ | 5203 | | |
| | | | ആകെ | 10189 | | |
| 5 | വല്ലന സി.എച്ച്.സി മെയിന്റനൻസ്(40/17)<br>കരാറുകാരൻ : കെ.ജി.വിൽസൺ<br>എഗ്രിമെന്റ് നം./ തീയതി :40/AEE/LSGD/PDM BLK/16-17/23-03-17<br>പ്രവൃത്തിയുടെ കാലാവധി : 4 മാസം<br>ആരംഭിച്ച തീയതി : 23-03-17<br>പൂർത്തീകരിച്ച തീയതി: 27-12-17<br>ഫൈനൽ ബിൽ നം. / തീയതി : 19/17-18/30-01-18<br>തുക 618593/- | 699636 | 23-7-2017 മുതൽ 22-08-2017 വരെ | 6996 | 9279 | 11709 |
| | | | 23-08-2018 മുതൽ 22-09-2017വരെ | 13992 | | |
| | | | ആകെ | 20988 | | |
| 6 | ബ്ലോക്ക് ഓഫീസ് ഗേറ്റ് , കമാനം, സൈഡ് വാൾ, പാർക്കിംഗ് ഗ്രൗണ്ട് എന്നിവ നിർമ്മിക്കൽ(40/17) | 497822 | 10-08-2017 മുതൽ | 4978 | 4081 | 7977 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ : സുരേന്ദ്രൻ.ആർ<br>എഗ്രിമെന്റ് നം./ തീയതി :23/AEE/LSGD/PDM BLK/16-17/10-02-17<br>പ്രവൃത്തിയുടെ കാലാവധി : 180 ദിവസം<br>ആരംഭിച്ച തീയതി : 10-02-17<br>പൂർത്തീകരിച്ച തീയതി: 24-10-17<br>ഫൈനൽ ബിൽ നം. / തീയതി : 21/17-18/3-02-18<br>തുക 408080/- | | 23-09-2017 വരെ | | | |
| | | | 24-09-2018 മുതൽ 24-10-2017വരെ | 7080 | | |
| | | | ആകെ | 12058 | | |
| 7 | എഴീക്കാട് എസ്സ്.സി.കോളനി പകൽ വീട് നിർമ്മാണം(44/17)<br>കരാറുകാരൻ : കെ.എസ്.പുരുഷോത്തമൻ<br>എഗ്രിമെന്റ് നം./ തീയതി :43/AEE/LSGD/PDM BLK/16-17/31-03-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>ആരംഭിച്ച തീയതി : 31-03-17<br>പൂർത്തീകരിച്ച തീയതി: 03-02-18<br>ഫൈനൽ ബിൽ നം. / തീയതി : 27/17-18/14-03-18<br>തുക 639410/- | 1832290 | 30-09-2017 മുതൽ 13-11-2017 വരെ | 18322 | 6394 | 48552 |
| | | | 14-11-2017 മുതൽ 28-12-2017 വരെ | 36624 | | |
| | | | ആകെ | 54946 | | |
| | ആകെ | | | | | 116491 |

മാന്വൽ അനുശാസിക്കുന്ന വിധത്തിൽ പിഴ ചുമത്താതിരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/11-04-19) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പിഴയിനത്തിലുള്ള നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ട നിർദ്ദേശം നൽകേണ്ടതും ഭരണ സമിതി തീരുമാനം കൈക്കൊണ്ട് കർശന നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്.

# 3-6 വാളകത്തിനാൽ പുഞ്ച കടംതോടത്ത് ഭാഗം റോഡ് കോൺക്രീറ്റും സൈഡ് കെട്ടും - അപാകതകൾ

പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15ലെ വാർഷിക പദ്ധതിയിൽ 650000/-രൂപ വികസനഫണ്ട് ഉൾപ്പെടുത്തി അസി.എക്സി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗീകാരം ലഭിച്ച വാളകത്തിനാൽ പുഞ്ച കടംതോടത്ത് ഭാഗം റോഡ് കോൺക്രീറ്റും സൈഡ് കെട്ടും എന്ന പദ്ധതിക്കായി 142 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും 108 $m^3$ ഡി.ആർ കെട്ടുന്നതിനുമാണ് 2012 SOR പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് (690/AEE/lSGD/PDM BLK/14-15/03-12-14) സാങ്കേതികാനുമതി നൽകിയിട്ടുള്ളത്.

ശ്രീ.കൃഷ്ണൻകുട്ടി കൺവീനറായുള്ള ഗുണഭോക്തൃ സമിതി 18-09-2014ൽ എഗ്രിമെന്റ് (01/AEE/14-15) വച്ച് പ്രവൃത്തി ഏറ്റെടുത്ത് 2014-15 ൽ നടപ്പാക്കിയ പ്രവൃത്തിയുടെ മെഷർമെന്റും ചെക്ക് മെഷർമെന്റും അന്നത്തെ അസി.എഞ്ചിനിയറായ ശ്രീമതി. ബിന്ദു.എസ്.കരുണാകരനും അസി.എക്സി.എഞ്ചിനിയറായ ശ്രീമതി. ലേഖ സി.എസും നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ നിർദ്ദേശം അനുസരിച്ച് 2017-18ൽ സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ നിലവിലുള്ള AE, A.Ex.E എന്നിവർ 31/17-18 ാം നം. എം.ബുക്കിൽ രേഖപ്പെടുത്തി 19-03-18, 26-03-18 എന്നീ തീയതികളിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 560726/- രൂപ പ്രവൃത്തി മൂല്യം കണക്കാക്കി ആദായ നികുതി, ക്ഷേമ നിധി എന്നിവ കുറവ് ചെയ്ത് കൺവീനർക്ക് 549512/- രൂപ നൽകിയിട്ടുണ്ട്.(ബിൽ നം.06/17-18/31-03-18)

ടി പ്രവൃത്തിയുടെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും പ്രവൃത്തിക്ക് ആവശ്യമായത്ര സിമന്റ് ഉപയോഗിച്ചിട്ടുള്ളതായി അസി. എഞ്ചിനിയർ അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃ സമിതി കൺവീനർ ഹാജരാക്കിയ സിമന്റ് ബിൽ അനുസരിച്ച് വാങ്ങിയ സിമന്റ് കുറവാണ്. കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15 ഉപചട്ടം 6 അനുസരിച്ച് പ്രവൃത്തിക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികളുടെ അളവുകൾ കണക്കാക്കി ആയത് കൺവീനർ/കരാറുകാരൻ വാങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തിയും മാത്രമേ ഫൈനൽ പേയ്മെന്റ് നൽകാവൂ എന്നിരിക്കെ ആയതിനു വിരുദ്ധമായി തുക നൽകിയ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥയോട് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

മേൽപ്പടി പ്രവൃത്തിയ്ക്ക് സിമന്റ് കുറച്ചു ഉപയോഗിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ ഇനം | അളവ്, | ആവശ്യമായ സിമന്റിന്റെ | വാങ്ങിയ സിമന്റിന്റെ അളവ് | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | നിരക്ക്,<br>പ്രതിഫലം | അളവ് | | |
| റോഡ് കോൺക്രീറ്റ്-ഇനം-3,<br>40 mm മെറ്റൽ ഉപയോഗിച്ചുള്ള 1:4:8<br>സിമന്റിന്റ് കോൺക്രീറ്റ്. | 38.29m$^3$,<br>@4509/m$^3$=<br>172649.61 | @171 kg/m$^3$x38.29m$^3$=6547.59kg | 200 പായ്ക്കറ്റ്<br>ie, 200x50=10000kg,<br>Bill no..AJ/B 1266/08-03-2018- 200 bag,<br>( A/J traders<br>Athikkettukulangara) | 6393.74 kg. |
| റോഡ് കോൺക്രീറ്റ് ഇനം-4<br>,20 mm മെറ്റൽ ഉപയോഗിച്ചുള്ള 1:2:4<br>സിമന്റിന്റ് കോൺക്രീറ്റ്. | 28.73m$^3$,<br>@64.53/10dm$^3$<br>=185394.69 | @3.3kg/10dm$^3$x 28730dm$^3$= 9480.9 kg | | |
| Extra Item-3<br>പാർശ്വഭിത്തി സർഫസ് കോൺക്രീറ്റ് ഇനം-3<br>,20 mm മെറ്റൽ ഉപയോഗിച്ചുള്ള 1:3:6<br>സിമന്റിന് കോൺക്രീറ്റ്. | 1.691m$^3$,<br>@57/10dm$^3$=<br>9638.70 | @2.16kg/10dm$^3$ x1691dm$^3$ =365.25 kg | | |
| ആകെ | | 16393.74 kg | | |

2014-15ലെ പ്രവൃത്തിയ്ക്ക് സിമന്റ് വാങ്ങിയതിനുള്ള ബിൽ കൃഷ്ണൻകുട്ടിയുടെ പേരിൽ 08/03/2018ൽ ഉള്ളതാണ്.

2012 ലെ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്ക് പ്രകാരം സിമന്റിന്റെ വില ടണ്ണിന് 5940/-രൂപയും അഞ്ച് കിലോമീറ്റർ കടത്തുകൂലി 323/- രൂപയുമാണ്. ഗുണഭോക്തൃ സമിതി വാങ്ങിയിട്ടില്ലാത്ത 6393.74kg സിമന്റിന് ഷെഡ്യൂൾ നിരക്ക് പ്രകാരം നൽകിയ 40025/- രൂപ (@6.26/kgx6393.74kg) നിരാകരിക്കാതിരിക്കുവാൻ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/12-04-19) യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ആവശ്യമായത്ര സിമന്റ് വാങ്ങി ഉപയോഗിക്കാതെ നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി വേണ്ടത്ര ഗുണനിലവാരമുള്ളതല്ലെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് ആവശ്യമായ പരിശോധന നടത്തുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

വരവ് ചെലവ് കണക്ക്

ടി പ്രവൃത്തിയ്ക്കായി ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് കണക്കും ആയതിന് ആധാരമായി ഹാജരാക്കിയ ബിൽ / വൗച്ചറുകൾ താഴെപ്പറയും പ്രകാരമാണ്.

| ഇനം | തുക |
|---|---|
| സിമന്റ് 200 പായ്ക്കറ്റ് (AJTraders ,Athikkkattukulangara) | 74000 |
| റബിൾ 27 ലോഡ് (വിം റോക്ക് വടശ്ശേരിക്കരയിൽനിന്നും ശശികുമാർ , ലോറി ഡ്രൈവർ ഹാജരാക്കിയ വൗച്ചർ) | 162000 |
| 20mm മെറ്റൽ- 7ലോഡ് @12500x7=87500 | 215000 |
| 10mm മെറ്റൽ 3ലോഡ് @12500x3 = 37500 | |
| M sand - 5ലോഡ് @18000x5 = 90000<br>(വിം റോക്ക് വടശ്ശേരിക്കരയിൽനിന്നും ശശികുമാർ , ലോറി ഡ്രൈവർ ഹാജരാക്കിയ വൗച്ചർ) | |
| പണിക്കൂലി (മസ്റ്റർ റോൾ) | 145050 |
| ആകെ | 596050 |

40mm മെറ്റൽ ഉപയോഗിച്ചുള്ള 1:4:8 കോൺക്രീറ്റിംഗ് 38.29m$^3$, 20mm മെറ്റൽ ഉപയോഗിച്ചുള്ള 1:2:4 കോൺക്രീറ്റിംഗ് 28.73m$^3$ ചെയ്തിട്ടുള്ളതായാണ് 31/AEE/17-18 ാം നം. എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ സമിതി അംഗീകരിച്ച വരവ് ചെലവ് കണക്കിലും ലോറി വൗച്ചറിലും 20mm മെറ്റലും, 10mm മെറ്റലും വാങ്ങിയതായിട്ടാണ് കാണുന്നത്. ഉപയോഗിച്ച മെറ്റലിന്റെ നിജസ്ഥിതി സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

മണ്ണ് ഫില്ലിംഗ്

ടി പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 4 ആയി കരാറുകാരന്റെ സ്വന്തം മണ്ണ് ഫില്ലിംഗ് എന്ന പ്രവൃത്തിക്ക് കുഴിച്ചെടുത്ത മണ്ണ് കുറവ്ചെയ്ത മണ്ണ് കഴിച്ച് 76.5m$^3$ മണ്ണ് നിറച്ചതിന് 10 ഘനമീറ്ററിന് 2505 രൂപ നിരക്കിൽ 19163.25 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മണ്ണ് ഇറക്കിയതിന്റെ ലോറി വൗച്ചർ ഹാജരാക്കിയിട്ടില്ല. വൗച്ചർ ഹാജരാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതാണെന്ന് ബോധ്യപ്പെടുത്തിയ ടി നമ്പരിലുള്ള ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മണ്ണ് ഫില്ലിംഗിനായി ചെലവഴിച്ച 19163/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 സേവന നികുതി - ഒഴിവാക്കിയ സേവനത്തിന് തുക വകയിരുത്തി പിൻവലിച്ചു

1994 ലെ ഫൈനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66 E(h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേർഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 20-06-2012 ലെ 25/2012 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം. 12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ വാണിജ്യ ആവശ്യങ്ങൾക്കായോ പണി കഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നൽകുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01-03-2015 ലെ 06/15 നം . നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം - 12 ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡീലീറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് 01-03-2016 ലെ 09/16 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/12 ലെ നോട്ടിഫിക്കേഷനിലെ ഇനം - 12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ സേവന നികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കി വീണ്ടും കൂട്ടി ചേർക്കുകയുണ്ടായി. എന്നാൽ മേൽ വിജ്ഞാപനം പരിഗണിക്കാതെ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ / ബ്ലോക്ക് പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായുള്ള വർക്ക് കോൺട്രാക്ട് സേവനത്തിന് എസ്റ്റിമേറ്റിൽ സേവന നികുതി ഒടുക്കുന്നതിനായി തുക വകയിരുത്തി ഫൈനൽ ബിൽ പ്രകാരം പിൻവലിച്ചിട്ടുള്ളതായി കാണുന്നു. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രവൃത്തികൾക്ക് കരാറുകാർ 2016-17 ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. ടി പ്രവൃത്തികൾക്കായി പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സേവന നികുതി ഒടുക്കുന്നതിനായി തുക വകയിരുത്തുകയും പ്രസ്തുത തുക കൂടി ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പ്രവൃത്തിമൂല്യം | ഫൈനൽ ബിൽ / പാർട്ട് ബിൽതുക ബിൽ നം./ തീയതി | സേവന നികുതിയിനത്തിൽ പിൻ വലിച്ച തുക |
|---|---|---|---|---|
| 1. | പുന്നക്കുന്ന് എസ്.സി കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണികൾ(S0095/17, 29/18)<br>അടങ്കൽ : 300000 /-(വികസന ഫണ്ട്,scp)<br>കരാറുകാരൻ : വിജയകുമാരൻ നായർ | 183897/- | 203206/-<br>04/17-18/20-09-2017 | 19309 |
| 2. | തുമ്പമൺ സി.എച്ച്.സി മെയിന്റനൻസ്(S0041/17, 20/18)<br>അടങ്കൽ : 500000 (MGNR)<br>കരാറുകാരൻ : K.G.വിത്സൺ | 386052 | 426587/-<br>06/17-18/11-10-2017 | 40535 |
| | ആകെ | | | 59844 |

തദ്ദേശ സ്ഥാപനത്തിനും വിട്ടുകിട്ടിയ സ്ഥാപനത്തിനും വേണ്ടി നിർമ്മിച്ചു നൽകുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈയിനത്തിൽ തുക പിൻവലിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(22/12-04-19). ആയതിന് മറുപടി ലഭ്യമാക്കിയില്ല. സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച പ്രസ്തുത 59844/-രൂപ ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-8 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

മേൽ പ്രോജക്ട് പ്രകാരം , 2017-18 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 5 പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ ആകെ 262500/- രൂപ നല്കിയിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ബിൽ നം./ തീയതി | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| s0076/18 | ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്\ബത്ത<br>അടങ്കൽ: 262500(വികസന ഫണ്ട് ജനറൽ) | 1/17-18, 11.10.2017, | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |

മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്തുകൾക്ക് നല്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗ്രാമപഞ്ചായത്ത് | 2017-18 ൽ നല്കിയ തുക | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായത് സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | പന്തളം തെക്കേക്കര | 62500 | ലഭിച്ചിട്ടില്ല |
| 2 | തുമ്പമൺ | 25000 | |
| 3 | കുളനട | 100000 | |
| 4 | ആറന്മുള | 50000 | |
| 5 | മെഴുവേലി | 25000 | ലഭിച്ചിട്ടുണ്ട് |
| ആകെ | | 262500 | |

മേൽപ്പറഞ്ഞ പ്രകരമുള്ള 237500 രൂപയ്ക്ക് നാളിതുവരെ 4 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.14/10.04.19). വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 237500/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്- ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. - SO0 64/18

പ്രോജക്റ്റ് പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്

പ്രോജക്റ്റ് അടങ്കൽ - 10,00000/-

പ്രോജക്റ്റ് ചെലവ് - 10,00000/-

നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

ബിൽ നം., തുക -1/17-18, 690000/- രൂപ dtd. 22.11.17

2/17-18, 90000/-രൂപ dtd 25.01.18

3/17-18, 150000/- രൂപ dtd. 27.02.18

4/17-18, 70000/- രൂപ dtd. 12.03.18

1. പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് (പ്രോജക്റ്റ് നം.s0064/18) പ്രകാരം 1000000 രൂപ വിവിധ കോഴ്സുകളിൽ പഠിക്കുന്ന 40 വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. ടി പ്രോജക്റ്റിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാതിരുന്നതിനാൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം ലഭിച്ച അപേക്ഷകർക്കാണ് ധനസഹായം നൽകിയത്. അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ വെച്ച് അംഗീകരിച്ചു തരുന്നതിന് നിർവ്വഹണ ഉദ്യാഗസ്ഥൻ പഞ്ചായത്തുകൾക്ക് കത്ത് നൽകിയിരുന്നു (കത്ത് നം. pdlm/2015/17 തീയതി.31.03.18). എന്നാൽ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ ലിസ്റ്റ് മാത്രമാണ് ഗ്രാമസഭ അംഗീകരിച്ചിട്ടുള്ളത്. താഴെ പറയുന്ന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

| ക്രമനം. | ഗ്രാമപഞ്ചായത്തിന്റെ പേര് | ഗ്രാമസഭ അംഗീകരിക്കാത്തവരുടെ എണ്ണം |
|---|---|---|
| 1 | ആറന്മുള | 20 |
| 2 | കുളനട | 11 |
| 3 | പന്തളം തെക്കേക്കര | 3 |
| 4 | മെഴുവേലി | 3 |

ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997 -ലെ ഒ.പി.നം.18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരസ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭയ്ക്ക് മാത്രമാണ് അതിനുള്ള അവകാശമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ഭിന്നശേഷിയുള്ളവർക്ക് മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, SO 078/18 |
| അടങ്കൽ തുക | 4,53,750 (വികസനഫണ്ട്) |
| ചെലവ് തുക | 2,96,850 - Bill No.04/17-18/31.03.18 |

ശ്രവണ വൈകല്യമുള്ള 32 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഭാഗമായി ശ്രവണ സഹായി വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തോടെ ബ്ലോക്ക് പഞ്ചായത്തിന് നൽകിയവയായിരിക്കണം. പദ്ധതിയുടെ 6 ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭ്യമല്ല. കൂടാതെ ബാക്കി 26 ഗുണഭോക്താക്കളെ പത്രപ്പരസ്യത്തിലൂടെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ നിന്ന് സാധൂകരണം വാങ്ങിയതിന്റെ രേഖകൾ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ നിന്ന് സാധൂകരണം വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

2. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഉപകരണങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സംയുക്ത പദ്ധതികളുടെ നിർവ്വഹണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | നൽകിയ തുകയുടെ വിവരം |
|---|---|---|
| 1 | ബഡ്സ് സ്കൂളിന് സഹായം, SO 052/18<br>അടങ്കൽ തുക – 15,11,000 (വികസനഫണ്ട്)<br>നിർവ്വഹണം - സെക്രട്ടറി | 5,03,300 – Bill No. 12/17-18/23.08.17<br>(പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്)<br>5,07,700 – Bill No. 11/17-18/23.08.17<br>(ആറന്മുള ഗ്രാമപഞ്ചായത്ത്)<br>5,00,000 – Bill No. 10/17-18/23.08.17<br>(കുളനട ഗ്രാമപഞ്ചായത്ത്) |
| 2 | ഇടശ്ശേരിമല കമ്മ്യൂണിറ്റി ഹാളിന് ഭൂമി വാങ്ങൽ ആറന്മുള ഗ്രാമപഞ്ചായത്തിന് വിഹിതം,<br>SO 073/18<br>അടങ്കൽ തുക – 10,00,000 (വികസനഫണ്ട്)<br>നിർവ്വഹണം - സെക്രട്ടറി | 10,00,000 – Bill No. 10/17-18/23.08.17<br>(ആറന്മുള ഗ്രാമപഞ്ചായത്ത്) |

| | | |
|---|---|---|
| 3 | പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം, SO 054/18<br><br>അടങ്കൽ തുക – 2,27,250 (വികസനഫണ്ട്)<br><br>നിർവ്വഹണം - സെക്രട്ടറി | 1,50,000 - Bill No. 08/17-18/23.08.17<br><br>(ആറന്മുള ഗ്രാമപഞ്ചായത്ത്)<br><br>77,250 - Bill No. 09/17-18/23.08.17<br><br>(പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്) |
| 4 | പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് യൂണിറ്റ്/MRF ബ്ലോക്ക് പഞ്ചായത്ത് വിഹിതം, SO 053/18<br><br>അടങ്കൽ തുക – 10,23,000 (വികസനഫണ്ട്)<br><br>നിർവ്വഹണം - സെക്രട്ടറി | 10,23,000 - Bill No. 07/17-18/23.08.17<br><br>(മെഴുവേലി ഗ്രാമപഞ്ചായത്ത്) |
| 5 | ക്ഷീരകർഷകർക്ക് സബ്സിഡി, SO 087/18<br><br>അടങ്കൽ തുക – 2,50,000 (വികസനഫണ്ട്)<br><br>നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br><br>(കുളനട യൂണിറ്റ്) | 1,50,000 – ബിൽ നം. 01/17-18/24.11.17<br><br>1,00,000 - ബിൽ നം. 02/17-18/02.12.17 |
| 6 | ക്ഷീരകർഷകർക്ക് സബ്സിഡി, SO 089/18<br><br>അടങ്കൽ തുക – 2,50,000 (വികസനഫണ്ട്)<br><br>നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br><br>(പന്തളം യൂണിറ്റ്) | 2,50,000 - ബിൽ നം. 01/17-18/18.11.17 |
| 7 | നെൽകൃഷിയ്ക്ക് കൂലിച്ചെലവ്, SO 061/18<br><br>അടങ്കൽ തുക – 10,00,000<br><br>നിർവ്വഹണം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 10,00,000 - ബിൽ നം. 01/17-18/06.01.18 |

മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ 52,61,250 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-12 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് യഥാക്രമം കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ വിവിധ തുകകൾ ഡെപ്പോസിറ്റ് ചെയ്തിരുന്നു. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം, അപാകത |
|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, SO 009/18<br><br>അടങ്കൽ - 7,34,318 (വികസനഫണ്ട്) | 4,15,926 – Bill No. 37/17-18/17.03.18<br><br>കുളനട ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. ഇതിൽ 41,060 രൂപയുടെ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല. കൂടാതെ 12,100 രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമല്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| | | 82,500 - Bill No. 45/17-18/28.03.18<br><br>ബ്ലോക്ക് പഞ്ചായത്തിന്റെ തുമ്പമൺ ഡിവിഷനിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| | | 27,526 - Bill No. 45/17-18/28.03.18<br><br>പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 2 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, SO 010/18 | 67,254 - Bill No. 42/17-18/26.03.18<br><br>കുളനട ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. തുകയുടെ വിനിയോഗ |

| | | |
|---|---|---|
| | അടങ്കൽ - 8,29,706 (SCP) | സാക്ഷ്യപത്രം ലഭ്യമല്ല.<br><br>2,69,612 - Bill No. 31/17-18/08.03.18<br><br>കളനട, മെഴവേലി ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. ഇതിൽ 1,06,332 രൂപയുടെ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല. 93,760 രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമല്ല. കൂടാതെ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.<br><br>67,793 - Bill No. 34/17-18/18.03.18<br><br>ആറന്മുള ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| | പട്ടികജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിനായി, ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക ജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ടി സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | |
| 3 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ,<br><br>SO 007/18<br><br>അടങ്കൽ - 1625544 (വികസനഫണ്ട്) | 5,19,744 - Bill No. 30/17-18/08.03.18<br><br>2,60,800 - Bill No. 17/17-18/17.01.18<br><br>3,00,000 - Bill No. 23/17-18/17.01.18<br><br>5,45,000 - Bill No. 15/17-18/31.10.17<br><br>ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് വേണ്ടിയാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 4 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ,<br><br>SO 008/18<br><br>അടങ്കൽ - 6242754 (SCP) | 11,99,600 - Bill No. 16/17-18/27.01.18<br><br>3,10,000 - Bill No. 38/17-18/15.03.18<br><br>15,40,000 - Bill No. 33/17-18/18.03.18<br><br>7,90,000 - Bill No. 24/17-18/17.01.18<br><br>15,25,000 - Bill No. 32/17-18/18.03.18<br><br>5,88,000 - Bill No. 40/17-18/26.03.18<br><br>ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് വേണ്ടിയാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| | പട്ടികജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക ജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ടി സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് തുകകൾ മുൻകൂറായാണ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. എന്നാൽ ഡെപ്പോസിറ്റ് വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 8508755 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-13 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിന് വാട്ടർ അതോറിറ്റി അധിക സെന്റേജ് ചാർജ്ജ് ഈടാക്കുന്നു

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10 % സൂപ്പർവിഷൻ ചാർജ്ജും 2.5 % എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5 % സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. എന്നാൽ, പി.ഡബ്ല്യു.ഡി. മാനുവൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5 % സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ലായെന്ന് 16.04.2018-ലെ സ.ഉ.(സാധാ) നം.1069/18 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള താഴെച്ചേർക്കുന്ന പ്രവൃത്തികളിൽ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ചുമത്തിയിട്ടുള്ള 2.5 % സെന്റേജ് ചാർജ്ജ് ഒഴിവാക്കി ബിൽത്തുക കണക്കാക്കുവാൻ ആവശ്യപ്പെടേണ്ടതും അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്.

| ക്രമ നം. | പദ്ധതിയുടെ വിവരം | ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം, അപാകത |
|---|---|---|
| 1 | കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ,<br>SO 007/18<br>അടങ്കൽ - 1625544 (വികസനഫണ്ട്) | 5,19,744 - Bill No. 30/17-18/08.03.18<br>2,60,800 - Bill No. 17/17-18/17.01.18<br>3,00,000 - Bill No. 23/17-18/17.01.18<br>5,45,000 - Bill No. 15/17-18/31.10.17 |
| 2 | കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ,<br>SO 008/18<br>അടങ്കൽ - 6242754 (SCP) | 11,99,600 - Bill No. 16/17-18/27.01.18<br>3,10,000 - Bill No. 38/17-18/15.03.18<br>15,40,000 - Bill No. 33/17-18/18.03.18<br>7,90,000 - Bill No. 24/17-18/17.01.18<br>15,25,000 - Bill No. 32/17-18/18.03.18<br>5,88,000 - Bill No. 40/17-18/26.03.18 |

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 2017-18 വർഷം ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 7 | കേരള വാട്ടർ അതോറിറ്റി | കടിവെള്ള പൈപ്പ്ലൈൻ നീട്ടൽ(ജനറൽ) | 1625544 | പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല |
| 2 | 8 | " | കടിവെള്ള പൈപ്പ്ലൈൻ നീട്ടൽ(എസ്.സി.പി.) | 5952600 | " |
| 3 | 9 | കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ (ജനറൽ) | 525952 | " |
| 4 | 10 | " | സ്ട്രീറ്റ് മെയിൻ (എസ്.സി.പി.) | 404659 | " |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം തുകയൊന്നും ലഭിച്ചിട്ടില്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2000-01 | 32 | മാവരത്തോട് ആഴവും വീതിയും കൂട്ടി സംരക്ഷിക്കൽ-4652 രൂപ അധികം നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2000-01 | 17 | ചേരിക്കൽ അംഗനവാടിക്ക് ചുറ്റുമതിലും അനുബന്ധസൗകര്യങ്ങളും-നിർവ്വഹണത്തിലെ അപാകങ്ങൾ | -ടി- |
| 2000-01 | 33 | വനിതാ ബേക്കറിയും റസ്റ്റോറന്റും -9783/- രൂപ അധികം നൽകിയത് | -ടി- |
| 2003-04 | 2(1) | പ്രീ മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങിയത്-വസ്തു ഉടമയ്ക്ക് വിലകൂട്ടി കൊടുത്തത് | നടപടികൾ തുടർന്നു കൊണ്ടിരിക്കുന്നു |
| 2004-05 | 2(3) | സ്കൂൾ,ലൈബ്രറികൾ ഐ.റ്റി.സി. എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ | -ടി- |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 130909612 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88277175 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 78839 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15253518 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

| | | | |
|---|---|---|---|
| 3-1 | | 19672 | ശ്രീ. ആരിഫ് മുഹമ്മദ് എം. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 59167 | ശ്രീ. ആരിഫ് മുഹമ്മദ് എം. അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | | **78839** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 19163 | ശ്രീ. ആരിഫ് മുഹമ്മദ് എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 237500 | ശ്രീമതി കല ബി., സി.ഡി.പി.ഓ. |
| 3-10 | 930000 | ശ്രീ.സച്ചിൻദാസ് എസ്.ആർ., പട്ടികജാതി വികസന ഓഫീസർ |
| 3-11 | 296850 | ഡോ. ജിഷ്ന വിജയ്, മെഡിക്കൽ ഓഫീസർ |
| 3-12 | 3761250 | ശ്രീ. ലിബി സി.മാത്യു, സെക്രട്ടറി |
| | 500000 | ശ്രീമതി അനിത പി., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| | 1000000 | ശ്രീമതി ഷീല എ.ഡി., കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-13 | 7963755 | ശ്രീ. സന്തോഷ് ജീവ്, സെക്രട്ടറി |
| | 545000 | ശ്രീ. ലിബി സി.മാത്യു, സെക്രട്ടറി |
| **ആകെ** | **15253518** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക |
|---|---|
| 2-5 | 9338/- (ജി.എസ്.ടി.) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആരിഫ് മുഹമ്മദ് എം., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പന്തളം ബ്ലോക്ക് പഞ്ചായത്ത് | റംലത്ത് മൻസിൽ<br>വലംചുഴി,<br>പത്തനംതിട്ട |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നം./തീയതി | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6-389/06 തീയതി.31.01.07/07.07.08 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി5-692/07 തീയതി. 22.1.08/08.02.08 | 1 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/ പി5/763/07തീയതി.26.3.08 | 14 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി5-764/07 തീയതി.25.03.09 | 29 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5-527/08തീയതി.25.03.09 | 29 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-3-874/09 തീയതി.07.04.10 | 16 |
| | | |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-2-31/11 തീയതി.04.10.11 | 12 |
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ/പി-2-256/13 തീയതി.08.10.13 | 17 |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ/പി2/224/14 തീയതി.05.06.14 | 13 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ/പി13-555/16 തീയതി.02.06.2017 | 14 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി3-1019/2016 തീയതി.20.09.2016 | 6 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി13-194/2017 തീയതി. 10.05.2017 | 4 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി12/1323/17 തീയതി. 07.12.2017 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി12/324/19 തീയതി.20.05.19

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA P.12-/324/19 Dated.20.05.19

<u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of **Pandalam Block Panchayat** in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Pandalam Block Panchayat** for the year 2017-18 except the observations in my report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

Pathanamthitta